(സി) ദുരിത ബാധിതർക്ക് ആശ്വാസം എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 11 വീടുകൾ പൂർണ്ണമായി തകർന്നു.

(ബി) 283 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിച്ചു.

(സി) കടൽക്ഷോഭത്തിൽ ദുരിതമനുഭവിച്ച മത്സ്യത്തൊഴിലാളികൾക്ക് ഒരാഴ്ചത്തെ സൗജന്യറേഷൻ വിതരണം നടത്തിയിരുന്നു. പൂർണ്ണമായി വീട് നഷ്ടപ്പെട്ടവരിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് വയ്ക്കുന്നതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാഗികമായി വീടിന് കേടുപാടുകൾ സംഭവിച്ചവർക്കും പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം വിതരണം ചെയ്യുന്നതിന് കാർത്തികപ്പള്ളി തഹസിൽദാർക്ക് പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഡി) വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിനും വസ്തു വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മഞ്ചേരി മണ്ഡലത്തിലെ ദുരിതാശ്വാസ ഫണ്ട്

49 [663] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് ഈ വർഷം തുക ചെലവഴിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും എത്ര തുക എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവൃത്തിയുടെ വിവരവും ചെലവഴിച്ച തുകയും താഴെക്കാണും പ്രകാരമാണ്:

പ്രവൃത്തി	*തുക (രൂപ)*
1. ഗ്രാമപഞ്ചായത്തുകൾ മുഖേന ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം	.. 3,00,000
2. മഞ്ചേരി മുനിസിപ്പാലിറ്റിക്കും വിവിധ ഗ്രാമപഞ്ചായത്തുകൾക്കും കിണർ റിപ്പയർ, കുഴൽ കിണർ റിപ്പയർ	.. 2,70,000
3. ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന കുഴൽ കിണർ നിർമ്മാണം	.. 3,97,119
4. കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ മലപ്പുറം മുഖേന കുടിവെള്ള വിതരണ പദ്ധതികൾ	.. 9,75,000
ആകെ	.. 19,42,119

LIBRARY ARCHIVES Kerala Legislative Assembly